**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 875 — 06.06.2018-ൽ മറുപടിക്ക്

## പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്കായി സ്പെഷ്യൽ റിക്രൂട്ട്മെന്റ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ** : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി സംസ്ഥാന സർവ്വീസിൽ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | എ) | ഉണ്ട്. പട്ടികവർഗ്ഗക്കാർക്കുള്ള പ്രത്യേക സർക്കാർ നിയമനത്തിനായി താഴെ കൊടുത്തിട്ടുള്ള രീതിയിൽ നിയമന ശിപാർശ നൽകിയിട്ടുണ്ട്. (പട്ടിക താഴെ) |
| ബി) | എസ്.എസ്.എൽ.സി. മുതൽ വിദ്യാഭ്യാസ യോഗ്യതയുള്ളവരുടെ ഡേറ്റാ ബാങ്ക് വകുപ്പ് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | ബി) | ഉണ്ട്.<br>എസ്.എസ്.എൽ.സി. മുതൽ വിദ്യാഭ്യാസ യോഗ്യതയുള്ളവരുടെ ഡേറ്റാ ബാങ്ക് തയ്യാറാക്കിയിട്ടുണ്ട്. +2 അതിനുമുകളിൽ യോഗ്യതയുള്ളവർ 11,474 പേർ തൊഴിൽ രഹിതരായി ഉണ്ട് എന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് സർവ്വേയിലൂടെ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ +2 മുതൽ ബിരുദാനന്തരബിരുദം വരെ വിദ്യാഭ്യാസ യോഗ്യതയുള്ളവർ 9,357 പേരും, പ്രൊഫഷണൽ യോഗ്യത നേടിയവർ (ടി.ടി.സി, ബി.എഡ്, സെറ്റ്, നെറ്റ്, മെഡിക്കൽ, എൻജിനീയറിംഗ്, നഴ്സിംഗ്) 1,334 പേരും സാങ്കേതിക യോഗ്യതയുള്ളവർ 670 പേരും മറ്റ് യോഗ്യതയുള്ളവർ 113 പേരുമാണുള്ളത്. എസ്.എസ്.എൽ.സി. മുതൽ വിദ്യാഭ്യാസ യോഗ്യതയുള്ളവരുടെ ഡേറ്റാ ബാങ്ക് തയ്യാറാക്കി വിവിധ വകുപ്പുകൾക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുന്നതിലേയ്ക്കായി കൈമാറുകയും ചെയ്തിട്ടുണ്ട്. |

| തസ്തിക | വയനാട് | മലപ്പുറം | പാലക്കാട് |
|---|---|---|---|
| സിവിൽ പോലീസ് ഓഫീസർ | 40 | 4 | 10 |
| വനിതാ സിവിൽ പോലീസ് ഓഫീസർ | 12 | 4 | 5 |
| എക്സൈസ് ഓഫീസർ | 15 | 3 | 5 |
| വനിതാ സിവിൽ എക്സൈസ് ഓഫീസർ | 2 | - | - |

| | | | |
|---|---|---|---|
| സി) | സർക്കാർ മേഖലയിൽ തൊഴിൽ നേടുന്നതിന് പട്ടികജാതി പട്ടികവർഗ്ഗ ക്കാർക്ക് പരിശീലനം നൽകുന്നതിനുളള എന്തൊക്കെ പദ്ധതികളാണ് നടപ്പിലാ ക്കിയിട്ടുളളതെന്ന് വിശദമാക്കാമോ; | സി) | പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള പരിശീലന കേന്ദ്രങ്ങൾ, ഐ.ടി.ഐ എന്നിവ വഴിയും സർക്കാർ ഇതര സ്ഥാപനങ്ങൾ വഴിയും തൊഴിൽ നൈപുണ്യ വികസനം ഉറപ്പാക്കിവരുന്നു. പ്രത്യേക കേന്ദ്ര സഹായ പദ്ധതി, കോർപ്പസ് ഫണ്ട് എന്നിവ ഉപയോഗിച്ച് പി.എസ്.സി, ബാങ്ക് പരിശീലന പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്.<br>• ഐ.റ്റി. മേഖലയിൽ തൊഴിൽ ഉറപ്പുവരുത്തുന്നതിനായി വകുപ്പിന്റെ കീഴിൽ ഒരു സെന്റർ ഓഫ് എക്സലൻസ് തിരുവനന്തപുരത്ത് ആരംഭിക്കുന്നതിന് 308 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭ്യമാക്കി സ്ഥാപനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>• കൂടാതെ സാങ്കേതിക വൈദഗ്ധ്യമുള്ള ജോലി ലഭിക്കുന്നതിന് താഴെപ്പറയുന്ന സ്ഥാപനങ്ങളുമായി ചേർന്ന് പരിശീലനം നൽകിവരുന്നുണ്ട്.<br>1. നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ<br>2. കെൽട്രോൺ<br>3. സെന്റർ ഫോർ ബയോ പോളിമർ സയൻസ് ആന്റ് ടെക്നോളജി<br>4. ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ്<br>5. ഹൗസ് കീപ്പിംഗ് ആന്റ് ഫുഡ് ബിവറേജസ് (എത്തിയോസ് എന്ന സ്ഥാപനം മുഖേന)<br>6. മീഡിയ ടെക്നോളജി (സി-ഡിറ്റ് മുഖേന)<br>പട്ടികജാതി വികസന വകുപ്പ് പി.ഇ.റ്റി.സി. വഴി അഭ്യസ്തവിദ്യർക്ക് പി.എസ്.സി, ബാങ്ക് കോച്ചിംഗ് പരീക്ഷകൾക്ക് പരിശീലനം നൽകിവരുന്നു. സിവിൽ സർവ്വീസ് പരീക്ഷകൾക്ക് 'ഐസെറ്റസ്' മുഖേന പരിശീലനം നൽകിവരുന്നു. |
| ഡി) | പഠനം പൂർത്തിയാക്കുവാൻ സാധി ക്കാത്ത പട്ടിക ഗോത്ര വർഗ്ഗത്തിൽ പ്പെട്ടവർക്ക് ഉപജീവനം ഉറപ്പിക്കുവാൻ ആവിഷ്കരിച്ചിട്ടുളള പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ? | ഡി) | പട്ടികഗോത്ര മേഖലയിൽ അഭ്യസ്തവിദ്യർക്കും അല്ലാത്ത വർക്കുമായി തൊഴിലവസരം സൃഷ്ടിക്കുന്നതിനും സ്വയംതൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കു ന്നതിനും നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. ആയതിന് "**പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയംതൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം**" എന്ന ശീർഷകം നിലവിലുണ്ട്. കൂടാതെ കോർപ്പസ് ഫണ്ട്, പൂൾഡ് ഫണ്ട്, ആർട്ടിക്കിൾ 275(1), എസ്.സി.എ. ടു ടി.എസ്.എസ് എന്നീ പദ്ധതികളി ലുൾപ്പെടുത്തി നൈപുണ്യ വികസന പദ്ധതികളും സംരംഭകത്വ വികസന പരിപാടികളും നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | പരമ്പരാഗത കാർഷിക മേഖലയിൽ തൊഴിൽ നൽകുന്നതിനായി ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുമായി ചേർന്ന് പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>1. മിൽമ<br>2. കുടുംബശ്രീ<br>3. മീറ്റ് പ്രോഡക്റ്റ്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്<br>4. വിവിധ വകുപ്പുകൾ<br><br>**ആർട്ടിക്കിൾ 275(1) പ്രകാരം നടപ്പിലാക്കിയ തൊഴിൽദായക പദ്ധതികൾ**<br>1) കൃഷി<br>2) പശു, ആട് വളർത്തൽ<br>3) ക്രിമിറ്റോറിയംപെട്ടി അനുവദിക്കൽ<br>4) യന്ത്രസഹായത്തോടെ കാട് വെട്ടൽ<br>5) യന്ത്രസഹായത്തോടെ മരംമുറി<br>6) തയ്യൽ യൂണിറ്റുകൾ<br>7) വയറിംഗ്<br>8) ഫാഷൻ ഡിസൈനിംഗിൽ പരിശീലനം നൽകി പുതിയ തയ്യൽ ജോലികൾ<br>9) സിവിൽ ആർക്കിടെക്ചർ ഡ്രാഫ്റ്റിംഗ് ലാന്റ് സർവ്വേ കോഴ്സിൽ പരിശീലനം നൽകി ആധുനിക തൊഴിൽ സമ്പാദനം<br>10) കോഴിയും കൂട്ടും പദ്ധതി<br>11) ചെറുകിട വ്യാപാരം<br><br>**കോർപ്പസ് ഫണ്ട്**<br><br>1) കടനിർമ്മാണം<br>2) മത്സ്യ കച്ചവടം<br>3) ബേക്കറി<br>4) ഉണിക്കട<br>5) കോഫീബാർ<br>6) യന്ത്രവൽകൃത പുൽവെട്ടൽ<br>7) യന്ത്രവൽകൃത പാൽകറവ<br>8) റബ്ബർ റോളർ വിതരണം<br>9) പെട്ടിക്കടകൾ<br>10) പന്നി വളർത്തൽ<br>ജില്ലാ അടിസ്ഥാനത്തിൽ സഹായി സെന്ററുകൾ നടത്തിപ്പിന്.<br><br>**എസ്.സി.എ ടു ടി.എസ്.പി നടപ്പിലാക്കിയ തൊഴിൽദായക പദ്ധതികൾ**<br><br>1) യന്ത്രവൽകൃത തെങ്ങുകയറ്റം<br>2) യന്ത്രവൽകൃത കോൺക്രീറ്റ് കട്ടിംഗ്<br>3) യന്ത്രവൽകൃത കൃഷി, തയ്യൽ |

| | | | |
|---|---|---|---|
| | | | 4) ഗാർമെന്റ് ആന്റ് ടെയിലറിംഗ് യൂണിറ്റ്<br>5) ഡയറി ഡെവലപ്മെന്റ് യൂണിറ്റ്<br>6) ഫോട്ടോസ്റ്റാറ്റ് മെഷീൻ<br>7) തൊഴിൽ സംഗീത ഉപകരണങ്ങൾ<br>8) യന്ത്രവൽകൃത കള പറിക്കൽ<br>9) ലൈറ്റ് മോട്ടോർ ഡ്രൈവിംഗ്<br>10) ഹെവി മോട്ടോർ ഡ്രൈവിംഗ്<br>11) കയർ ഉത്പാദനം<br>12) യന്ത്രവൽകൃത മരംവെട്ട്<br>13) ഫാഷൻ ടെക്നോളജി<br>14) കമ്പ്യൂട്ടർ ട്രെയിനിംഗ്<br>15) ഹാർച്ചറി യൂണിറ്റ്<br>16) യന്ത്രവൽകൃത കവുങ്ങ് (അടക്ക) കയറ്റം<br>17) മെഴുകുതിരി നിർമ്മാണം<br>18) കലാപരമായ ഉൽപ്പന്നങ്ങൾ<br>19) ഫർണിച്ചർ ഉത്പാദനം |

സെക്ഷൻ ഓഫീസർ